➪ പെരുമാൾ മുരുഗന് എഴുത്ത് എന്നെന്നേക്കുമായി നിർത്തേണ്ടിവന്നു ➪

# മുരുഗനും പ്രവാചകനും

സർഗ്ഗാത്മക രചനകൾ സൃഷ്ടിക്കാനുള്ള എഴുത്തുകാരന്റെ, കലാകാരന്റെ മൗലികമായ അവകാശം എടുത്തുകളയുവാൻ കൂട്ടു നിൽക്കുന്ന സ്റ്റേറ്റ് തന്നെയാണ് പെരുമാൾ മുരുഗന്റെയും ഷിറിൻ ദാൽവിയുടെയും സംഭവത്തിൽ പ്രതിസ്ഥാനത്ത് നിൽക്കുന്നതെന്ന്

**കെ. അരവിന്ദാക്ഷൻ**

**നിരവധി** ചരിത്രശക്തികളുടെ സംഗമഭൂമിയാണ് തമിഴകം. ജാതിയിലൂന്നിയുള്ള സ്വത്വബോധങ്ങൾ തമിഴ്നാടിനെയാകെ വിഭാഗീയവത്ക്കരിച്ചിട്ടുണ്ട്. ബ്രാഹ്മണിസം ഇന്നും ശക്തമായി നിലനിൽക്കുന്ന ഒരിടമാണിവിടം. ഒപ്പം തന്നെ യുക്തിവാദവും നിരീശ്വരവാദവും ബ്രാഹ്മണ വിരുദ്ധചിന്തകളും അതിശക്തമായിത്തന്നെയുണ്ട്. യുക്തിവാദിയും നിരീശ്വരവാദിയും ബ്രാഹ്മണചിന്താവിരോധിയും സമത്വ വാദിയുമായ പെരിയാറിന്റെ ജനിതകസ്രോതസ്സിൽ നിന്നാണ് അണ്ണാദുരൈയും കരുണാനിധിയും രൂപം കൊള്ളുന്നത്. പതിറ്റാണ്ടുകളായി തമിഴകം ഭരിക്കുന്നത് ഇവരുടെ പേരിലുള്ള ഡി.എം.കെയും അണ്ണാ ഡി.എം.കെ.യുമാണ്. തമിഴ് മതേതരത്വത്തെപ്പറ്റി അവബോധമുണ്ടായിരുന്ന അണ്ണാദുരൈയുടെ രാഷ്ട്രീയം, 1970 കളോടെ ജാത്യധിഷ്ഠിതമായിമാറിയത് അധികാര രാഷ്ട്രീയത്തിൽ കണ്ണുവെച്ചതോടെയാണ്. ജാതി രാഷ്ട്രീയം സർക്കാരിന്റെ എല്ലാ പ്രവർത്തന മണ്ഡലങ്ങളിലും ക്രമേണ വേരോടി. ഈ സാഹചര്യത്തിലാണ് 1990 കളിൽ ഉത്തരേന്ത്യയിലെ വിശ്വഹിന്ദു പരിഷത്തിന് സമാനമായ ഹിന്ദുമുന്നണി തമിഴ്നാട്ടിൽ ചുവടുറപ്പിച്ചത്. ഒപ്പം രാഷ്ട്രീയ സ്വയം സേവക് സംഘും ചേർന്നതോടെ ഹിന്ദു ദേശീയതയുടെ അരങ്ങായി. എന്നാൽ എത്രയായിട്ടും അവർക്ക് തമിഴനാട് രാഷ്ട്രീയത്തിൽ അധികാരത്തിന്റെ അടുത്തെത്താനായില്ല. ഹിന്ദുമുന്നണിയും ആർ.എസ്സ്.എസ്സും മൂന്ന് ജാതി സംഘടനകളും ചേർന്നാണ് തമിഴ്നാട്ടിൽ പെരുമാൾ മുരുഗന്റെ 'മാതോരുഭാഗൻ' (One Part women) എന്ന പുസ്തകത്തിനെതിരെ പ്രകോപനങ്ങളും സംഘർഷങ്ങളും ഉണ്ടാക്കിയത്.

ഹിന്ദു വർഗ്ഗീയത ഇന്ന് തമിഴ്നാട്ടിൽ ഒരു യാഥാർത്ഥ്യമാണ്. പെരുമാൾ മുരുഗൻ അതിന്റെ ഇരയാണ്. 2010 ൽ തമിഴിൽ പ്രസിദ്ധീകരിച്ച ഈ നോവൽ 2013 ൽ ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടു. നാലുവർഷക്കാലം ഒരു വായനക്കാരനും തോന്നാതിരുന്ന ജാതി വിരുദ്ധത 2014 ലാണ് (ഇംഗ്ലീഷ് വിവർത്തനത്തോടെയാണ്) സംഘർഷഭരിതമായത്. ഹിന്ദു മുന്നണിയുടെയും ജാതിസംഘടനകളുടെയും തുടരെത്തുടരെയുള്ള ഭീഷണികൾ മൂലം പെരുമാൾ മുരുഗന് എഴുത്ത് എന്നെന്നേക്കുമായി നിർത്തേണ്ടിവന്നു. പൗരന്റെ ജനാധിപത്യാവകാശമായ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുകയും അത് സംരക്ഷിക്കാനായി പൗരന്റെ കൂടെ നിൽക്കേണ്ട സ്റ്റേറ്റും ഉദ്യോഗസ്ഥന്മാരും എഴുത്തുകാരനിൽ നിന്ന് തന്റെ പുസ്തകം പൾപ്പാക്കി മാ



പെരുമാൾ മുരുഗൻ



ഷിറിൻ ദാൽവി

നാലു ഭർത്താക്കന്മാരുള്ള നായർ സ്ത്രീയും മൂന്ന് സഹോദരങ്ങൾക്ക് ഒരു ഭാര്യമാത്രം ഉണ്ടായിരുന്ന ഈഴവരും ഇന്നും മേൽവസ്ത്രം പോലെ ഭാര്യമാരെ മാറ്റാൻ സ്വാതന്ത്ര്യമുള്ള മുസ്ലീങ്ങളും നമ്മുടെ നോവലുകളിൽ പാത്രീകരിക്കപ്പെടുകയാണെങ്കിൽ, അവ സത്യവിരുദ്ധമാണെന്ന് ആർക്കെങ്കിലും പറയാനാവുമോ? അതു മാത്രമേ മുരുഗന്റെ നോവലിലുള്ളു.

റ്റാമെന്നും താനിനി എഴുതില്ലയെന്ന് നിരുപാധികമായ മാപ്പപേക്ഷ നിർബന്ധിച്ച് വാങ്ങിക്കുകയുമാണുണ്ടായത്. പെരിയാറിന്റെ അനന്തരാവകാശികളായി വീമ്പടിക്കുന്ന ദ്രാവിഡ പാർട്ടികൾ നിശബ്ദരായി.

ഒരു നൂറ്റാണ്ട് മുമ്പ് തിരുച്ചൻകോട് എന്ന തമിഴ് ഗ്രാമത്തിൽ നടക്കുന്ന കഥയാണ് മുരുഗന്റേത്. ഒരു മലയാളി വായനക്കാരനെ സംബന്ധിച്ചിടത്തോളം ഈ നോവൽ അയാൾ അരനൂറ്റാണ്ട് മുമ്പ് വായിച്ചുകഴിഞ്ഞതാണ്. (പക്ഷേ, ഇന്നത്തെ സാഹചര്യത്തിൽ ഈ നോവലിൽ പ്രതിപാദിക്കുന്ന ആചാരങ്ങൾ കേരളത്തിന്റെ പശ്ചാത്തലത്തിലാണെങ്കിൽ എന്ത് സംഭവിക്കും? പറയാൻ വയ്യ. എം.ടി. യുടെ നിർമ്മാല്യത്തിലെ വെളിച്ചപ്പാട് ദേവിയുടെ വിഗ്രഹത്തിലേയ്ക്ക് തുപ്പുന്ന രംഗം ഇന്നാണെങ്കിൽ ഹിന്ദു തീവ്രവാദികൾ സമ്മതിക്കുമായിരുന്നോ?) ലൈംഗികതയുടെ കൂത്തരങ്ങായിരുന്ന കേരളത്തിൽ ഒരു നൂറ്റാണ്ട് മുമ്പ് ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും ഏതു ജാതിയിലും ഉണ്ടായിരുന്നു. നാലു ഭർത്താക്കന്മാരുള്ള നായർ സ്ത്രീയും മൂന്ന് സഹോദരങ്ങൾക്ക് ഒരു ഭാര്യമാത്രം ഉണ്ടായിരുന്ന ഈഴവരും ഇന്നും മേൽവസ്ത്രം പോലെ ഭാര്യമാരെ മാറ്റാൻ സ്വാതന്ത്ര്യമുള്ള മുസ്ലീങ്ങളും നമ്മുടെ നോവലുകളിൽ പാത്രീകരിക്കപ്പെടുകയാണെങ്കിൽ, അവ സത്യവിരുദ്ധമാണെന്ന് ആർക്കെങ്കിലും പറയാനാവുമോ? അതു മാത്രമേ മുരുഗന്റെ നോവലിലുള്ളു. ഈഴവന്റെയും നായരുടെയും പുലയന്റെയും മുസ്ലീമിന്റെയും ഭൂതകാലങ്ങൾ കേരളത്തിലും ലൈംഗീക അരാജകത്വത്തിന്റെയും കുത്തഴിഞ്ഞ ബന്ധങ്ങളുടെ അഴിഞ്ഞാട്ടത്തിന്റെയും നോവലുകളും കഥകളുമായിരുന്നു.

നോവലിലെ കഥാനായകനായ കാളിയുടെ അമ്മാവൻ നല്ലുപായ്യൻ തന്റെ ജാതിയിലെ യാഥാസ്ഥിതികരെ നേരിടുന്നതിങ്ങനെയാണ്. “ഈ ഗ്രാമത്തിന്റെ അഭിമാനം എന്റെ മുടിയിലാണ് (പിൻകുടുമി മുറിച്ച്) നിലനിൽക്കുന്നതെങ്കിൽ ഞാനത് വളർത്തും.” താടിയും മീശയും വളർത്താൻപോലും എനിക്ക് മടിയില്ല. അത് വളർത്തി, ഞാൻ നിങ്ങടെ അടുത്ത് നിൽക്കും, അതിൽ നിന്ന് പേനെടുത്ത് മുട്ടിക്കും. എന്നാൽ മറ്റൊരു കാര്യംകൂടി എനിക്ക് പറയാനുണ്ട്, ഞാനിന്നലെയാണ് എന്റെ ഗുഹ്യ ഭാഗങ്ങളിലെ രോമം ക്ഷൗരം ചെയ്തത്, കാരണം അത് വല്ലാതെ ചൊറിയുന്നുണ്ടായിരുന്നു. നിങ്ങടെ ഗ്രാമത്തിന്റെ അഭിമാനം എന്റെ ഗുഹ്യരോമങ്ങളെ ആശ്രയിച്ചാണെങ്കിൽ, ഇപ്പം തന്നെ പറഞ്ഞോളൂ. ഞാനതും ക്ഷൗരം ചെയ്യും.” (പുറം: 106: One Part women).

നല്ലുപായ്യനെ ജാതിക്കൂട്ടത്തിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അവരയാളെ നൊസ്സനാക്കി വെറുതെവിട്ടു. ‘മാതോരുഭാഗനെ’ അക്രമിക്കുന്ന ജാതിവർഗ്ഗീയ കോമരങ്ങൾക്കുള്ള തക്കതായ മറുപടി നല്ലുപായ്യന്റെ വാക്കുകളിലുണ്ട്. സ്റ്റേറ്റും ഉദ്യോഗസ്ഥരും അതിന് മറുപടി കൊടുക്കേണ്ടതിനു പകരം പെരുമാൾ മുരുഗനെ പീഡിപ്പിച്ച് മാപ്പെഴുതി വാങ്ങുകയാണ്. ജനാധിപത്യത്തിലെ സ്വതന്ത്ര ഇടങ്ങൾ എങ്ങിനെ ജാതി-വർഗ്ഗീയ ശക്തികൾ അക്രമിക്കുന്നു എന്നതിന്റെ തെളിവാണിത്. പെരുമാൾ മുരുഗനു വേണ്ടി കേരളത്തിലെയും ഇംഗ്ലീഷിലെയും മാധ്യമങ്ങൾ ശക്തമായി രംഗത്തുവന്നു. തമിഴ്നാട്ടിലും പ്രതിഷേധസ്വരങ്ങൾ ഉയരുകയുണ്ടായി. മോദിയുടെ ഭരണകാലത്ത് ഇത് ഒറ്റപ്പെട്ട സംഭവമായിരിക്കില്ല. ഒരു ഭാഗത്ത് മോദി

കോർപ്പറേറ്റുകൾക്കുവേണ്ടി വികസനം പ്രസംഗിക്കുമ്പോൾ, മറുഭാഗത്ത് ഹിന്ദുത്വ ശക്തികൾ വർഗീയ വിഷം ചീറ്റി നാടും നഗരവും വിഷമയമാക്കും.

പെരുമാൾ മുരുഗന്റെ 'മാതോരുഭാഗനെ'തിരായ പ്രതിഷേധങ്ങൾ രാജ്യവ്യാപകമാകുമ്പോൾ, ലക്നോ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'അവാധ് നാമ' (AWADH NAMA) എന്ന ഉർദു പത്രത്തിന്റെ മുംബൈ എഡീഷന്റെ എഡിറ്ററായ ഷിറിൻ ദാൽവിക്കുണ്ടായ അനുഭവം ദേശീയ പ്രാദേശിക പത്രങ്ങളിൽ കാര്യമായി വന്നില്ല. പാരീസിൽ ഇസ്ലാമിസ്റ്റ് തീവ്രവാദികൾ അക്രമിച്ച 'ചാർലി ഹെബ്ദോ'യു കവർ 'അവാധ് നാമ'യിൽ പ്രസിദ്ധീകരിച്ചതിന്റെ പേരിലാണ് ഷിറിൻ ദാൽവി എന്ന മുസ്ലീം സ്ത്രീ വേട്ടയാടപ്പെടുന്നത്. പ്രവാചകന്റെ ചിത്രങ്ങൾ കാരിക്കേച്ചറുകളായിപോലും അച്ചടിക്കാൻ പാടില്ലയെന്ന തീവ്രനിലപാടാണ് മുസ്ലീം മതവിഭാഗത്തിലെ ചിലർ കൈക്കൊണ്ടത്. പെരുമാൾ മുരുഗന്റെയും ഷിറിൻ ദാൽവിയുടെയും ഉദാഹരണങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഇരുണ്ട മുഖങ്ങളാണ് തുറന്നു കാട്ടുന്നത്.

സർഗ്ഗാത്മക രചനകളായ നോവലുകളും കഥകളും കവിതയും ചിത്രവും ശില്പവുമെല്ലാം സൃഷ്ടിക്കാനുള്ള എഴുത്തുകാരന്റെ, കലാകാരന്റെ മൗലീകമായ അവകാശം എടുത്തുകളയുകയാണ് സ്റ്റേറ്റ്. എഴുത്തുകാരനെക്കൊണ്ട് മാപ്പെഴുതി വാങ്ങിയും പത്രപ്രവർത്തകയെ അറസ്റ്റ് ചെയ്തും 68 കൊല്ലത്തെ ജനാധിപത്യം നമ്മെ എത്തിച്ചിരിക്കുന്നത് ജാതി മത വർഗ്ഗീയശക്തികളുടെ സമ്മർദ്ദ തന്ത്രങ്ങൾക്ക് വഴങ്ങാനാണ്. ഇതിന്റെ പ്രധാനകുറ്റക്കാർ സ്റ്റേറ്റ് തന്നെയാണ്. എഴുത്തുകാരനും പത്രപ്രവർത്തകയ്ക്കും സംരക്ഷണം നൽകേണ്ടവർ അവർക്കെതിരെ തിരിയുന്നത് ജനാധിപത്യവിരുദ്ധമാണ്.

മനുഷ്യസൃഷ്ടികളായ ദൈവങ്ങൾ മനുഷ്യ വിമർശനത്തിനും പരിഹാസത്തിനും ഭാവനാ സൃഷ്ടികൾക്കും അതീതമാണോ? ഹിന്ദു ദൈവങ്ങളെ വിമർശിക്കാമെങ്കിൽ എന്തുകൊണ്ട് ക്രിസ്ത്യൻ-ഇസ്ലാം ദൈവപുരുഷന്മാരെയും വിമർശിച്ചുകൂടാ? വിമർശനത്തിനതീതമായ ഏതെങ്കിലും മതങ്ങൾ, ദർശനങ്ങൾ ഈ ഭൂമിയിലുണ്ടോ? ഇക്കാര്യത്തിൽ ഇസ്ലാമാണ് ഏറെ സങ്കുചിതത്വം പുലർത്തുന്നത്. 1990 നു ശേഷം (അതായത് ആഗോളീകരണ സാമ്പത്തിക ഉദാരവൽക്കരണങ്ങൾക്കുശേഷം) മിക്ക മനുഷ്യരും തങ്ങളുടെ ഇടുങ്ങിയ ജാതി-മത-പ്രാകൃത സ്വത്വങ്ങളിലേയ്ക്ക് തിരിച്ചുപോകുന്നതെന്തുകൊണ്ടാണ്? ആഗോളീകരണം പിഴുതെറിഞ്ഞ മനുഷ്യൻ മറ്റ് സാമ്പത്തിക-രാഷ്ട്രീയ അഭയങ്ങൾ കാണാനാകാതെ തങ്ങളുടെ പ്രാകൃതമായ സ്വത്വങ്ങളുടെ തോടുകളിലേയ്ക്ക് വലിയുകയാണോ? ഇന്ന് മതതീവ്രതയുടെ ചാവേറുകൾ സൃഷ്ടിക്കപ്പെടുന്നത് ദാരിദ്ര്യത്തിന്റെ ചതുപ്പുനിലങ്ങളിലല്ല. ഉപഭോഗാർത്തിയുടെ ധനാഢ്യ നഗരഭൂമികളിലാണ്. ഹിന്ദു തീവ്രവാദിയും മുസ്ലീം തീവ്രവാദിയും ഇന്ന് നിരക്ഷരനല്ല. എന്താണ് അവരുടെ മതതീവ്രബോധത്തിന് കാരണം? ഇക്കാര്യത്തിൽ ലളിതമായ ഉത്തരങ്ങൾ ഉണ്ടെന്ന് തോന്നുന്നില്ല.

ആവിഷ്കാര സ്വാതന്ത്ര്യത്തിന് അതിരുകളുണ്ടോ? മറ്റ് മതക്കാരെ-സ്വന്തം മതക്കാരെ വ്രണപ്പെടുത്തിക്കൊണ്ടാകരുത് അത് എന്നുള്ള ഉപദേശങ്ങൾ കേൾക്കാം. എന്നാൽ ഈ നിലപാട് അർത്ഥശൂന്യമാണ്. സർഗ്ഗാത്മകതയുടെ ധന്യ മുഹൂർത്തങ്ങളിൽ ഒരു ഗ്രാൻഡ് ഇൻക്വിസിറ്ററുടെയും (മതവിചാരകന്റെയും) സെൻസർ വിരലുകൾ കലാകാരന്റെ നേരെ ചൂണ്ടപ്പെടുവാൻ പാടില്ല. സർഗ്ഗാത്മകമായ ആവിഷ്കാര സ്വാതന്ത്ര്യത്തിന് അതിരുകളില്ല. നട്ടെല്ലുള്ള ഒരു കാലാകാരനും അതിനെ ഭയപ്പെടുന്നില്ല. കലാകാരനുമേൽ മതത്തിന്റെ/ജാതിയുടെ പേരിൽ റൈഡറിടുന്നത് ആപത്കരമാണ്. മുസ്ലീം തീവ്രവാദികൾ കലാകാരനെ വെടിവെച്ചുകൊല്ലുന്നത് ക്ഷന്തവ്യവും ഹിന്ദു തീവ്രവാദികൾ ആണെങ്കിൽ അക്ഷന്തവ്യവുമാണെന്ന നിലപാട് അനീതിയാണ്. കലാകാരന് എതിരായ ഏത് തീവ്രവാദ നിലപാടും ഒരുപോലെ പ്രതിഷേധാർഹമാണ്. ■


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം : 10,000 രൂപ.
ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
**ഫോൺ : 0487 2421385, 9446576943**